**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **13-12-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടിയിലെ അധിക വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ ന്യായവിലയിൽ 10 ശതമാനം ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2021-2022) ഏപ്രിൽ മുതൽ നവംബർ വരെ കാലയളവിൽ 5,34,966 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിൽ ₹1,832.48 കോടി സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുകയും ഈ സാമ്പത്തിക വർഷത്തിൽ (2022-2023) ഏപ്രിൽ മുതൽ നവംബർ വരെ 6,44,944 ആധാരങ്ങൾ രജിസ്റ്റർ ചെയ്യുകയും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 2442.24 കോടി ലഭിക്കുകയും ചെയ്തു. ആയതിൽ നിന്നും 609.76 കോടിയുടെ അധിക വരുമാനം ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഫെയർവാല്യു വർദ്ധനവ് മൂലം എത്ര രൂപ അധികവരുമാനം ലഭിച്ചു എന്ന് വകുപ്പ്തലത്തിൽ കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ